**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **06-02-2023 - ൽ മറുപടിയ്ക്ക്**

**റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ വെണ്ണനാട് വില്ലേജിൽ സർവ്വെ നമ്പർ 119/2ൽ പെട്ട 94.77 ഹെക്ടർ സ്ഥലം റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ വെണ്ണനാട് വില്ലേജിൽ സർവ്വെ നമ്പർ 119/2- ൽ പ്പെട്ട 94.77 ഹെക്ടർ സ്ഥലം 22.02.2021 തീയതിയിലെ എസ്.ആർ.ഒ നമ്പർ 226/2021 [15.02.2021 തീയതിയിലെ ജി.ഒ.(പി) നമ്പർ 3/2021/വനം ] പ്രകാരം സെക്ഷൻ 4 നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതും, തൃശ്ശൂർ റവന്യൂ ഓഫീസറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്. റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള തുടർനടപടികൾ സെറ്റിൽമെന്റ് ഓഫീസർ സ്വീകരിച്ചുവരുന്നു. |
| (ബി) | പെരിങ്ങാട് പുഴയെ ആശ്രയിക്കുന്നവരുടെ ജീവിതത്തെയും ജീവനോപാധിയെയും പ്രസ്തുത നടപടി ബാധിക്കുമെന്നുള്ള പ്രദേശവാസികളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് വനമായി വിജ്ഞാപനം ചെയ്യാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഏതെങ്കിലും നിയമസാധുതയുള്ള അവകാശങ്ങൾ ആർക്കെങ്കിലും ഉണ്ട് എന്ന അവകാശവാദം ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാർ നിയോഗിച്ചിട്ടുള്ള ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ സമീപിക്കുമ്പോൾ, ആയത് നിയമപരമായി നിലനിൽക്കുന്നതാണെങ്കിൽ, അന്തിമ വിജ്ഞാപനം പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമിയെ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കുന്നതു വഴിയോ, നിയമപരമായി നിലനിൽക്കുന്ന ഏതെങ്കിലും അവകാശങ്ങൾ ഉണ്ടെങ്കിൽ ആയത് അംഗീകരിക്കുന്നത് വഴി സ്വകാര്യ വ്യക്തികളുടെ ആശങ്കകളും പരാതികളും പരിഹരിക്കുന്നതാണ്. |
| (സി) | റിസർവ് വനമായി പ്രഖ്യാപിക്കുന്ന ഇത്തരം പ്രദേശങ്ങളിൽ നടപ്പിലാക്കേണ്ടി വരുന്ന നിരോധനങ്ങളും നിയന്ത്രണങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | അന്തിമ വിജ്ഞാപനത്തിന് ശേഷം മാത്രമേ നിരോധനങ്ങളും നിയന്ത്രണങ്ങളും സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. കേരള വന നിയമം 1961 സെക്ഷൻ 7 പ്രകാരം സെക്ഷൻ 4 റിസർവ്വായി വിജ്ഞാപനം ചെയ്ത സ്ഥലത്ത് യാതൊരു വിധത്തിലുമുള്ള അംഗീകാരമില്ലാത്ത |

| | | | |
|---|---|---|---|
| | | | അവകാശവാദവും സൃഷ്ടിക്കാൻ പാടില്ലാത്തതും ടി സ്ഥലത്ത് അതിക്രമിച്ച് കടക്കുവാൻ പാടില്ലാത്തതും, അവിടെ നിന്ന് യാതൊരു വനോൽപ്പന്നവും മുറിച്ചെടുക്കുകയോ, ശേഖരിക്കുകയോ, നീക്കം ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഭൂമിക്ക് തീ വയ്ക്കുകയോ, അതിന് അപകടം ഉണ്ടാക്കുന്ന വിധത്തിൽ കത്തിക്കുകയോ, കത്തുന്ന തീ ഉപേക്ഷിച്ച് പോകുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ടി സ്ഥലത്ത് ഗവൺമെൻറിന്റെ മുൻ അനുമതി കൂടാതെ യാതൊരു പട്ടയവും കൊടുക്കാൻ പാടില്ലാത്തതും, അങ്ങനെ കൊടുക്കപ്പെട്ടിട്ടുള്ള പട്ടയങ്ങൾ അസാധു ആയിരിക്കുന്നതുമാണ്. |
| (ഡി) | റിസർവ് വനമായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനവാസ മേഖലയിൽ എന്തെങ്കിലും നിരോധനങ്ങളോ നിയന്ത്രണങ്ങളോ ഉണ്ടാകുമോ എന്ന വിവരം അറിയിക്കുമോ? | (ഡി) | റിസർവ് വനമായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനവാസ മേഖലയിൽ നിലവിൽ നിയമാനുസൃതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ